പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2899 **29-10-2026-ൽ മറുപടിയ്ക്ക്**

കണ്ണൂർ മണ്ഡലത്തിലെ ഫ്ലൈ ഓവർ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി .ഒ. മോഹനൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കണ്ണൂർ മണ്ഡലത്തിലെ സൗത്ത് ബസാർ, മേലെ ചൊവ്വ ഫ്ലൈ ഓവർ പദ്ധതികൾക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സൗത്ത് ബസാർ ഫ്ളൈഓവർ :

പദ്ധതിക്കുവേണ്ടി ആവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്ത് അവാർഡ് പാസ്സാക്കി നഷ്ടപരിഹാരം ബന്ധപ്പെട്ട കക്ഷികൾക്ക് നേരിട്ട് നൽകുകയോ കോടതിയിൽ നിക്ഷേപിക്കുകയോ ചെയ്തിട്ടുണ്ട്.

മേലേച്ചൊവ്വ ഫ്ളൈഓവർ:

മേലേച്ചൊവ്വ അണ്ടർപ്പാസ് പദ്ധതിക്കുവേണ്ടി ഒന്നാം ഘട്ടത്തിൽ 50.3848 സെന്റ് സ്വകാര്യ ഭൂമി ഏറ്റെടുത്തിട്ടുള്ളതും ബന്ധപ്പെട്ട എല്ലാവർക്കും നഷ്ടപരിഹാരം നൽകിയിട്ടുള്ളതുമാണ്. അണ്ടർപ്പാസ് പദ്ധതി, ഫ്ളൈഓവർ പ്രൊജക്ട് ആയി മാറ്റിയപ്പോൾ കൂടുതലായി ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള 40 സെന്റ് സ്വകാര്യഭൂമിയുടെ ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സൗത്ത് ബസാർ ഫ്ലൈഓവർ പദ്ധതിയുടെ സാമൂഹികാഘാത പഠന റിപ്പോർട്ട് പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്കുള്ള പുനരധിവാസ പാക്കേജിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: ആകെ ₹1,15,18,000/- രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിരുന്നു. പ്രസ്തുത തുക പൂർണമായും വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ഫ്ലൈഓവറുകളുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിച്ച് എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: മേലേച്ചൊവ്വ ഫ്ളൈഓവർ;

2025 ഫെബ്രുവരി 03 തീയതിയിൽ പ്രവൃത്തി ആരംഭിച്ചു. രണ്ടു വർഷമാണ് പൂർത്തീകരണ കാലാവധി. പ്രവൃത്തി പുരോഗമിക്കുന്നു.

സൗത്ത് ബസാർ ഫ്ളൈഓവർ :

പ്രവൃത്തി ടെൻഡർ ചെയ്തിട്ടില്ല. ടെൻഡർ ചെയ്താൽ രണ്ടുവർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) മേലെ ചൊവ്വ ഫ്ലൈഓവർ നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് ആദ്യഘട്ടത്തിൽ അടിപ്പാത നിർമ്മിക്കാനാണോ തീരുമാനിച്ചിരുന്നത്; ഇത് ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നും പിന്നീട് മേൽപാലം നിർമ്മിക്കാൻ നിർദ്ദേശിച്ചത് ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കാമോ; പ്രസ്തുത പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

<u>മറുപടി:</u> മേലേച്ചൊവ്വ ഫ്ളൈഓവർ ആദ്യഘട്ടത്തിൽ KITCO നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ അണ്ടർപ്പാസ് നിർമ്മിക്കുവാനായിരുന്നു തീരുമാനിച്ചിരുന്നത്. എന്നാൽ പദ്ധതി പ്രദേശത്തുള്ള ഏകദേശം ഒരു മീറ്ററിലധികം വ്യാസമുള്ള വാട്ടർ അതോറിറ്റിയുടെ രണ്ടു പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നത് പ്രായോഗികമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് കിഫ്ബിയുടെയും, ആർ.ബി.ഡി.സി.കെ. - യുടെയും സംയുക്ത തീരുമാനം പ്രകാരമാണ് ഫ്ളൈഓവർ പ്രൊജക്ട് ആയി മാറ്റിയത്.

(ഇ) കുറഞ്ഞ നീളത്തിൽ ഫ്ലൈഓവർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ശാസ്ത്രീയ-സാങ്കേതിക അടിത്തറ എന്താണെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> സാങ്കേതിക വിദഗ്ധർ തയ്യാറാക്കുന്ന പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഫ്ളൈഓവറുകളുടെ നീളം നിശ്ചയിക്കുന്നത്.

സെക്ഷൻ ഓഫീസർ